# ദുരന്തത്തിന് വഴിയൊരുക്കുന്നത് അശ്രദ്ധമുതൽ ലാഭക്കൊതിവരെ

കണ്ണീരോളം

**പ്രത്യേക ലേഖകൻ**

**കൊച്ചി**

ജലാശയങ്ങളിലെ ഉല്ലാസയാത്രകൾ ദുരന്തത്തിൽ കലാശിക്കാതിരിക്കാൻ നിയമങ്ങളും അതു നടപ്പാക്കാനുള്ള സംവിധാനവും ധാരാളം. എന്നാൽ, അവ പാലിക്കാത്തതിനുപിന്നിൽ സഞ്ചാരികളുടെ അശ്രദ്ധമുതൽ ബോട്ടുടമകളുടെ ലാഭക്കൊതിവരെ നിരവധി കാരണങ്ങൾ. അവധിദിവസങ്ങളിൽ സഞ്ചാരികൾ കൂടുതൽ എത്തുമ്പോൾ സുരക്ഷാനിർദേശങ്ങൾ അവഗണിക്കുന്നു. അനുവദനീയമായതിൽ അധികം യാത്രക്കാരെ കയറ്റുക, ലൈഫ് ജാക്കറ്റുകൾ ഉപയോഗിക്കാതിരിക്കുക, കാഴ്ച കാണാൻ യാത്രക്കാർ ഒരുഭാഗത്ത് കേന്ദ്രീകരിക്കുക തുടങ്ങിയവയും അപകടങ്ങൾക്കിടയാക്കുന്നു.

ഉൾനാടൻ ജലയാനങ്ങളുടെ നിർമാണഘട്ടംമുതൽ ലൈസൻസ് നൽകുന്നതുവരെ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ പരിശോധനകളുണ്ട്. 2021ലെ ഉൾനാടൻ ജലയാന നിയമവും ചട്ടങ്ങളും അനുസരിച്ചാണ് മാരിടൈം ബോർഡ് (തുറമുഖ ഡയറക്ടറേറ്റ്) ലൈസൻസ് നൽകുക.

### നിയമവും നിയന്ത്രണവുമുണ്ട്

ബോട്ട് പണിയുംമുമ്പേ യന്ത്രത്തിന്റെ ശക്തിയും രൂപരേഖയും സഹിതം മാരിടൈം ബോർഡിന് അപേക്ഷ നൽകണം. കുസാറ്റ് ഷിപ് ടെക്നോളജി വകുപ്പുപോലെ അക്രഡിറ്റേഷനുള്ള സംസ്ഥാനത്തെ അഞ്ചു സ്ഥാപനങ്ങളിലൊന്നിലെ നേവൽ ആർക്കിടെക്ചർ ഡ്രോയിങ്ങും സ്റ്റെബിലിറ്റിയും പരിശോധിച്ച് അനുമതി നൽകിയാൽ ചീഫ് സർവേയർ പരിശോധിച്ച് ബോട്ട് പണിയാൻ പ്രാഥമിക ലൈസൻസ് നൽകും. മാരിടൈംബോർഡ് അംഗീകരിച്ച യാർഡുകളിലാകണം നിർമാണം. പണി പൂർത്തിയായശേഷം ചീഫ് സർവേയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയാൽ രജിസ്ട്രേഷന് അപേക്ഷിക്കാം.

രൂപരേഖ അനുസരിച്ചാണോ നിർമാണമെന്നും നിയമപ്രകാരമുള്ള ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ, നാവിഗേഷൻ ഉപകരണങ്ങൾ, മെഡിക്കൽ കിറ്റ്, റോപ്പ്, ആങ്കർ, ഇൻഷുറൻസ്, വെസൽ ഓപറേറ്റർ സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടോ എന്നും പരിശോധിച്ചാണ് ഫിറ്റ്നസ് നൽകുക. രജിസ്ട്രേഷൻ നൽകുന്നത് രജിസ്ട്രാർ ഓഫ് ഇൻലാൻഡ് വെസൽസാണ്. കയറ്റാവുന്ന ഭാരം, യാത്രക്കാരുടെ എണ്ണം എന്നിവയെല്ലാം രജിസ്ട്രേഷൻ നിബന്ധനകളിലുണ്ടാകും. യാത്രക്കാരുടെ എണ്ണമനുസരിച്ച് ലൈഫ് ജാക്കറ്റുകൾ വേണമെന്നും തീപിടിത്തം തടയാനുൾപ്പെടെ സുരക്ഷാക്രമീകരണം വേണമെന്നും നിബന്ധനയുണ്ട്. സൂര്യോദയത്തിനുശേഷവും സൂര്യാസ്തമയത്തിനുമുമ്പുമേ സർവീസ് നടത്താവൂ. അപകടമുണ്ടായാൽ ഉത്തരവാദിത്വം ബോട്ടുടമയ്ക്കാണ്. നഷ്ടപരിഹാരം ഉറപ്പാക്കാൻ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതും ഉടമയാണ്. ലൈസൻസ് ഇല്ലാത്ത യാനങ്ങൾ സർവീസ് നടത്തിയാൽ നടപടി എടുക്കേണ്ടത് മാരിടൈം ബോർഡിനുകീഴിലുള്ള ജില്ലാ പോർട്ട് ഓഫീസർമാരാണ്. ബോട്ട് ലൈസൻസ് പുതുക്കുമ്പോഴും സർവേയർ പരിശോധിച്ച് റിപ്പോർട്ട് നൽകണം.



അപകടത്തിൽപ്പെട്ടവരുടെ മൃതദേഹങ്ങൾ ഖബറടക്കത്തിനായി പരപ്പനങ്ങാടി അരയൻ കടപ്പുറം മഹല്ല് പള്ളിയിലേക്ക് കൊണ്ടുപോകുന്നു

# ബോട്ട് നിർമിച്ചത് മുൻകൂർ അനുമതിയില്ലാതെ

**സ്വന്തം ലേഖകൻ**

**കൊച്ചി**

താനൂരിൽ 22 പേരുടെ മരണത്തിനിടയാക്കിയ ബോട്ട് നിർമിച്ചത് മാരിടൈം ബോർഡിന്റെ നിർമാണാനുമതിയില്ലാതെ. നിർമാണം പൂർത്തിയായശേഷമാണ് ബോട്ടുടമ രജിസ്ട്രേഷന് അപേക്ഷ നൽകിയത്. അപേക്ഷ പരിഗണിച്ച് പിഴ ഈടാക്കി തുടർനടപടി സ്വീകരിക്കാൻ മാരിടൈം ബോർഡ് സിഇഒ സലിംകുമാർ നിർദേശിക്കുകയായിരുന്നു.

ഉൾനാടൻ ജലയാന നിയമപ്രകാരം ബോട്ട് നിർമിക്കണമെങ്കിൽ കേരള മാരിടൈം ബോർഡ് അംഗീകരിച്ച നേവൽ ആർക്കിടെക്ടുകളുടെ പാനലിൽനിന്ന് ഒരാളുടെ സാക്ഷ്യപത്രത്തോടെ ഫോറം ഒന്നിൽ ചീഫ് സർവേയർക്ക് അപേക്ഷ നൽകണം. എന്നാൽ, ബോട്ടുടമ നാസർ മുൻകൂർ നിർമാണാനുമതി വാങ്ങിയിരുന്നില്ല. നിർമാണം പൂർത്തിയാക്കിയശേഷം നാസർ ജനുവരി 12ന് ബേപ്പൂർ പോർട്ട് രജിസ്ട്രിയിൽ അപേക്ഷ നൽകി. ഇക്കാര്യം മാരിടൈം ബോർഡിന് റിപ്പോർട്ട് ചെയ്തു. 10,000 രൂപ പിഴ ഈടാക്കി സുരക്ഷാമാനദണ്ഡങ്ങൾ പരിശോധിച്ച് രജിസ്ട്രേഷനുള്ള തുടർനടപടി സ്വീകരിക്കാൻ മാരിടൈം ബോർഡ് സിഇഒ സലിംകുമാർ നിർദേശിച്ചു. ഫെബ്രുവരി 28നാണ് സിഇഒ നിർദേശം നൽകിയത്. തുടർന്നാണ് പിഴ ഈടാക്കി തുടർനടപടിയിലേക്ക് കടന്നത്.

സിഇഒയുടെ നിർദേശത്തിൽ മാർച്ച് 12ന് ചീഫ് സർവേയർ ബോട്ട് പരിശോധിച്ച് സർവേ സർട്ടിഫിക്കറ്റ് നൽകി. 22 പേർക്ക് സഞ്ചരിക്കാനുള്ള അനുമതിയാണ് ഉണ്ടായിരുന്നത്. എന്നാൽ, ബോട്ടിന് മാരിടൈം ബോർഡിന്റെ രജിസ്ട്രേഷൻ ലഭിച്ചില്ല. ഉൾനാടൻ ജലയാന നിയമപ്രകാരമാണ് ബോട്ടുടമയുടെ അപേക്ഷ ക്രമവൽക്കരിക്കാൻ നിർദേശം നൽകിയതെന്ന് മാരിടൈം ബോർഡ് സിഇഒ സലിംകുമാർ 'ദേശാഭിമാനി'യോട് പറഞ്ഞു.

### മാരിടൈം ബോർഡ് അന്വേഷിക്കും

താനൂർ ബോട്ടുദുരന്തം സംസ്ഥാന മാരിടൈം ബോർഡ് അന്വേഷിക്കും. അന്വേഷണത്തിനായി അഴീക്കൽ പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തി. അപകടം, അപകടകാരണങ്ങൾ, നിയമലംഘനം എന്നിവ ഉൾപ്പെടെ സമഗ്രമായ അന്വേഷണമാകും നടത്തുക.

## മാർഗനിർദേശം പാലിക്കണം

**കൊച്ചി**

സാഹസിക വിനോദസഞ്ചാരത്തിൽ സുരക്ഷ ഉറപ്പാക്കാൻ വിനോദസഞ്ചാരവകുപ്പിന്റെ കർശന മാർഗനിർദേശങ്ങളുണ്ട്. 2019ൽ രൂപീകരിച്ച കേരള അഡ്വെഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിക്കാണ് നിരീക്ഷണ ചുമതല. വാട്ടർ സ്പോർട്സ്, സ്പീഡ് ബോട്ട്, കയാക്കിങ്, സർഫിങ്, പാരാ ഗ്ലൈഡിങ്, പാരാ സെയിലിങ്, ട്രക്കിങ് എന്നിങ്ങനെ 32 സാഹസിക ഇനങ്ങൾ നടത്തുന്ന ഏജൻസികൾക്ക് സൊസൈറ്റിയുടെ അനുമതിവേണം.

## മനുഷ്യാവകാശ കമീഷൻ കേസെടുത്തു

**തിരുവനന്തപുരം**

ബോട്ട് അപകടത്തിൽ സംസ്ഥാന മനുഷ്യാവകാശ കമീഷൻ സ്വമേധയാ കേസെടുത്തു. മലപ്പുറം കലക്ടറും ജില്ലാ പൊലീസ് മേധാവിയും ആലപ്പുഴ ചീഫ് പോർട്ട് സർവേയറും പത്തുദിവസത്തിനകം വിശദീകരണം സമർപ്പിക്കണമെന്ന് കമീഷൻ ജുഡീഷ്യൽ അംഗം കെ ബൈജുനാഥ് ആവശ്യപ്പെട്ടു. 19ന് തിരൂരിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

# പ്രാണൻ നിലച്ച്

## കർശന നടപടി: മന്ത്രി

**തിരുവനന്തപുരം**

സംസ്ഥാനത്ത് നിയമവിരുദ്ധമായി സർവീസ് നടത്തുന്ന ശിക്കാര ബോട്ടുകൾക്കെതിരെ കർശന നടപടിയെടുക്കുമെന്ന് തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഇൻലാൻഡ് വെസൽ ആക്ട് പ്രകാരമാണ് ടൂറിസ്റ്റ് ശിക്കാര ബോട്ടുകൾക്ക് അനുമതി നൽകുന്നത്. നിർമാണം, രജിസ്ട്രേഷൻ, സർവീസ് തുടങ്ങി ഓരോ ഘട്ടവും നിയമത്തിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്.

# വരവുകണ്ട് പേടിച്ചു; അവർ കയറിയില്ല

**സ്വന്തം ലേഖകൻ**

**തിരൂരങ്ങാടി**



മാട്ടറ ഷംസുദ്ദീൻ

ബോട്ടിന്റെ വരവുകണ്ട് പേടിച്ച് അവർ കയറാതെ മടങ്ങി. തീരുമാനമെടുത്ത നിമിഷത്തെയോർത്ത് ആശ്വസിക്കുകയാണ് യാറത്തുംപടി മാട്ടറ ഷംസുദ്ദീനും സംഘവും. ഷംസുദ്ദീനും കുടുംബവും സുഹൃത്തിന്റെ കുടുംബവുമാണ് ബോട്ട് യാത്ര വേണ്ടെന്നുവച്ച് മടങ്ങിയത്. ബന്ധുവിന്റെ വിവാഹമായിരുന്നു ഞായറാഴ്ച. മൂന്നിയൂരിലെ വധൂഗൃഹത്തിൽ എത്തിയപ്പോൾ ബോട്ട് യാത്ര ആസ്വദിക്കാൻ തീരുമാനിച്ചു. ഭാര്യ ഹഫ്സത്ത്, മക്കളായ റഫ, ഷഹനാസ്, സഹോദരൻ ഷാഫിയുടെ മക്കളായ ഷാമിൽ, ആഷിർ എന്നിവരും സുഹൃത്തിന്റെ ഭാര്യയും മകനും യാത്രക്ക് ടിക്കറ്റെടുത്തു. കുട്ടികൾക്ക് ടിക്കറ്റ് വേണ്ടെന്നുപറഞ്ഞ് ബോട്ടുകാർ നാല് ടിക്കറ്റ് നൽകി. ഒന്നിന് നൂറ് രൂപയാണ് വാങ്ങിയത്. ബോട്ടിന്റെ വരവും തിരക്കും കണ്ടപ്പോൾ യാത്ര റദ്ദാക്കുകയായിരുന്നു.



മൃതദേഹങ്ങൾ പരപ്പനങ്ങാടി പുത്തൻകടപ്പുറം മിസ്ബാഹുൽ ഹുദാ മദ്രസയിൽ പൊതുദർശനത്തിനുവച്ചപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ അന്ത്യോപചാരം അർപ്പിക്കുന്നു. മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, വി അബ്ദുറഹിമാൻ, കെ രാജൻ, ആന്റണി രാജു, സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ, എംഎൽഎമാരായ പി കെ കുഞ്ഞാലിക്കുട്ടി, പി കെ ബഷീർ എന്നിവർ സമീപം

# ജീവന്റെ വിലയുള്ള ജാക്കറ്റ്



താനൂർ പൂരപ്പുഴയിൽ തിരച്ചിൽ നടത്തുന്നവർ

**ആർ അജയഘോഷ്**

**തിരൂരങ്ങാടി**

പൂരപ്പുഴയുടെ ആഴങ്ങളിൽനിന്ന് ജീവിതം തിരികെ കിട്ടിയതിന്റെ ആശ്വാസത്തേക്കാളേറെ അപകടമേൽപ്പിച്ച നടുക്കമാണ് രാജിഷയുടെ കണ്ണുകളിൽ. മരണവും മനുഷ്യരുടെ നിസ്സഹായതയും നേരിൽകണ്ട പകപ്പിൽനിന്ന് ഷിബിനും മോചിതനായിട്ടില്ല. മൂന്നിയൂർ കോംബ്ലയിൽ ഷിബിനും ഭാര്യ രാജിഷയും ആറുവയസുള്ള മകൾ ഹിദയും അരമണിക്കൂറോളമാണ് രക്ഷകരെ കാത്തിരുന്നത്. ആഴങ്ങളിലേക്കുള്ള വീഴ്ചയിൽ ലൈഫ് ജാക്കറ്റാണ് ഇവർക്ക് തുണയായത്.

മകൾക്കും ബോട്ടിലുണ്ടായിരുന്ന മറ്റ് ചില കുട്ടികൾക്കും ഷിബിൻ ജാക്കറ്റ് എടുത്ത് നൽകിയിരുന്നു. ഷിബിനും ജാക്കറ്റ് ധരിച്ചു. "ലൈഫ് ജാക്കറ്റ് ഇട്ടതുകൊണ്ട് മാത്രമാണ് രക്ഷപ്പെട്ടത്" – രാജിഷ ആശ്വാസം പങ്കുവയ്ക്കുന്നു. യാത്ര തുടങ്ങി കുറച്ച് മുന്നോട്ടുപോയപ്പോഴാണ് ബോട്ട് വളച്ചത്. എന്ത് പറ്റിയെന്ന് മനസിലായില്ല. എല്ലാവരുംകൂടി ഒരുഭാഗത്തേക് നീങ്ങിപ്പോയി. ആളുകൾ വെള്ളത്തിലേക്ക് തെറിച്ചുവീണു. കുട്ടികളായിരുന്നു കൂടുതലും. അവർക്ക് മുകളിലേക്കാണ് ബോട്ട് മറിഞ്ഞത്" – രാജിഷയുടെ വാക്കുകളിൽ നടുക്കം. ബോട്ടിൽ തട്ടി രാജിഷയുടെ കഴുത്തിന് പരിക്കുണ്ട്. ഷിബിനും ചെറിയ പരിക്കുണ്ട്. ഇരുവരും തിരൂരങ്ങാടി താലൂക്കാശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലുമായി ചികിത്സ തേടി.



രാജിഷയും മകൾ ഹിദയും



ഷിബിൻ